# പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4112 03.02.2014 ൽ മറുപടിക്ക്

### കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.ലെ ദിവസവേതനക്കാർക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ: | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.ലെ ദിവസവേതനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത് എന്ന് വിശദമാക്കാമോ? | എ) | ദിവസവേതനം താഴെപറയും നിരക്കിൽ നൽകിവരുന്നു.<br>ക്ലീനർ- 300 രൂപ<br>ഡ്രൈവർ,സെക്യൂരിറ്റി ഗാർഡ്, പ്ലംബർ 350 രൂപ<br>സ്റ്റാഫ് നേഴ്സ്, ലാബ് ടെക്നീഷ്യൻ, കമ്പ്യൂട്ടർ ഓപ്പറേറ്റർ. ഓവർസിയർ- 400 രൂപ |
| ബി) | ഇതിലെ ഏതെങ്കിലും വിഭാഗം ജീവനക്കാർക്ക് ഇ.എസ്.ഐ ആനുകൂല്യം ലഭിക്കുന്നുണ്ടോ? എങ്കിൽ ആർക്കെല്ലാം ലഭിക്കുന്നു എന്നും എല്ലാ ജീവനക്കാർക്കും പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ? | ബി) | ഇ.എസ്.ഐ സ്കീമിൽ താൽക്കാലിക ജീവനക്കാരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| സി) | കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. ദിവസവേതനക്കാരുടേയും കോൺട്രാക്ട് ജീവനക്കാരുടേയും പ്രായപരിധി സംബന്ധിച്ച് എന്തെങ്കിലും നിബന്ധന നിലവിലുണ്ടോ; എങ്കിൽ പ്രായപരിധി കഴിഞ്ഞ ആരെങ്കിലും ജോലിയിൽ തുടരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | സി) | ദിവസവേതനക്കാർക്ക് പ്രായപരിധി നിഷ്കർഷിച്ചിട്ടില്ല. അടിയന്തിര ഘട്ടങ്ങളിൽ റിട്ടയർ ചെയ്ത സാങ്കേതിക വിഭാഗം ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. അവർ ജോലിയിൽ തുടർന്നുവരുന്നു. |

സെക്ഷൻ ഓഫീസർ